**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 549** | **24-08-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വരുമാനത്തിലെ വളർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനം ഓരോ സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനത്തിൽ ക്രമാനുഗതമായ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനം ഓരോ സാമ്പത്തിക വർഷ അടിസ്ഥാനത്തിലുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. (പട്ടിക താഴെ)<br><br>2020-21, 2021-22 ജി.എസ്.ടി നികുതി വരുമാനം താരതമ്യം ചെയ്യുമ്പോൾ 2021-22 സാമ്പത്തിക വർഷം, 2020-2021 സാമ്പത്തിക വർഷത്തേക്കാൾ 24.42 ശതമാനം വളർച്ച നേടുവാൻ സാധിച്ചിട്ടുണ്ട്.<br><br>2021-22, 2022-23 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള കാലയളവിലെ ജി.എസ്.ടി നികുതി വരുമാനം താരതമ്യം ചെയ്യുമ്പോൾ 2022-23 സാമ്പത്തിക വർഷം 2021-2022 സാമ്പത്തിക വർഷത്തേക്കാൾ 43.90 ശതമാനം വളർച്ച നേടുവാൻ സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ച യായ പ്രകൃതി ദുരന്തങ്ങളും തുടർന്ന് വന്ന കോവിഡ് മഹാമാരിയും അതിനെ തുടർന്ന് ഉണ്ടായ ലോക്ക്ഡൗൺ സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചതിനാൽ സംസ്ഥാനത്തിന്റെ ജി. എസ്.ടി. വരുമാനത്തിൽ ക്രമാനു ഗതമായ വളർച്ച നേടുവാൻ സാധിച്ചില്ല. |
| (ബി) | ജി.എസ്.ടി. നഷ്ടപരിഹാരത്തിന്റെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത | (ബി) | ഇല്ല; ജി.എസ്.ടി നികുതി നിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹ ഭാഗവും 14.5%മോ അതിനു മുകളിലോ നികുതി വിധേയമായ |

| FY | SGST | IGST | IGST Ad-hoc settlement | Total | % Growth |
|---|---|---|---|---|---|
| **2017-18** | **5399.11** | **6064.97** | **736.00** | **12200.08** | |
| **2018-19** | **8269.92** | **10114.93** | **2734.36** | **21119.21** | **32.72** |
| **2019-20** | **9453.21** | **9926.19** | **693.52** | **20072.92** | **-4.95** |
| **2020-21** | **8337.35** | **9343.07** | **1596.11** | **19276.53** | **-3.97** |
| **2021-22** | **9887.02** | **12440.00** | **1657.79** | **23984.81** | **24.42** |

| | | | |
|---|---|---|---|
| | സഹായം ഇല്ലാതെ മുന്നോട്ട് പോകാൻ കഴിയുന്ന രീതിയിൽ സംസ്ഥാനത്തെ ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | | സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ജി.എസ്. ടി. യുടെ തുടക്കത്തിൽ ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതി നിരക്ക് 28% (എസ്.ജി.എസ്.ടി 14%) ആയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യ ങ്ങൾ പരിഗണിച്ച് നികുതി നിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. 28% നികുതി നിരക്കുണ്ടായിരുന്ന ഭൂരിഭാഗം ചരക്കുകളുടെയും നികുതി നിരക്ക് 9%, 6% എന്നിവയായി കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിപിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ, സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും തുടർന്ന് വന്ന കോവിഡ് മഹാമാരിയും അതിനെ തുടർന്ന് ഉണ്ടായ ലോക്ക് ഡൗൺ സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. |

സെക്ഷൻ ഓഫീസർ